## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 49 01.12.2015- ൽ മറുപടിക്ക്**

### "സൂക്ഷ്മ-ഇടത്തര-ചെറുകിട വ്യവസായ സംരംഭങ്ങൾ"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി.ജോർജ്<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. ടി.എൻ.പ്രതാപൻ | ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സൂക്ഷ്മ-ഇടത്തര-ചെറുകിട വ്യവസായ സംരംഭങ്ങളുടെ വളർച്ചക്ക് പദ്ധതി . രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വളർച്ച ലക്ഷ്യമാക്കി നടപ്പാക്കികൊണ്ടിരിക്കുന്ന പദ്ധതിയാണ് സംരംഭകത്വ സഹായ പദ്ധതി.<br>കൂടാതെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ വകുപ്പ് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>1. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ /താലൂക്ക് /ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം നടത്തുന്നു.<br>2. സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നു.<br>3. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിനു വേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകി വരുന്നു. |
| ബി) | എങ്കിൽ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | ബി) | വ്യത്യസ്ത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സങ്കീർണ്ണതകൾ ഒഴിവാക്കി സംരംഭകന് ലളിതമായ നടപടി ക്രമങ്ങളിലൂടെ പരമാവധി സാമ്പത്തിക സഹായം നൽകുക എന്നതാണ് സംരംഭകത്വ സഹായ പദ്ധതി മുഖേന ലക്ഷ്യമിടുന്നത്.<br>ശരിയായ സംരംഭകരെ തിരിച്ചറിഞ്ഞ് അവർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുക, വ്യവസായ സംരംഭത്തിനായി നടത്തുന്ന നിക്ഷേപത്തിന് ഒറ്റത്തവണ ആനുകൂല്യം നൽകി സഹായിക്കുക, പ്രോജക്ടുകളെ സംബന്ധിച്ച ആശയങ്ങൾ, നടത്തിപ്പ് നിർവ്വഹണം, നിർവ്വഹണ സാദ്ധ്യത എന്നിവയെ സംബന്ധിച്ച ഉപദേശം നൽകുക തുടങ്ങി സൂക്ഷ്മ-ഇടത്തര-ചെറുകിട സംരംഭങ്ങളുടെ സമഗ്രപുരോഗതി ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നു. |
| സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | സി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയാണ് ഈ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ